(സി) എന്തെല്ലാം പണികൾ സംബന്ധിച്ച കൺസൾട്ടൻസിക്കാണ് ഇവരെ നിയമിച്ചിട്ടുള്ളത് ;

(ഡി) കൺസൾട്ടൻസികൾക്കെല്ലാം കൂടി ഒരു മാസം വാട്ടർ അതോറിറ്റിക്ക് എന്തുതുകയുടെ ചെലവ് വരുമെന്ന് പറയാമോ ?

ഉത്തരം

(എ) 14 കൺസൾട്ടൻസികളെ നിയമിച്ചിട്ടുണ്ട്.

(ബി&സി) വിശദവിവരം അനുബന്ധമായി കൊടുക്കുന്നു†.

(ഡി) മേല്പറഞ്ഞ കൺസൾട്ടൻസികൾക്ക് മാസാമാസം ഫീസ് നല്കേണ്ടതില്ല. ഓരോ ജോലിക്കും നിശ്ചയിച്ചുറപ്പിച്ച തുക ജോലിയുടെ പുരോഗതിക്കനുസരിച്ചാണ് നൽകുന്നത്.

വാട്ടർമീറ്റർ നിർമ്മാണം കുടുംബശ്രീ യൂണിറ്റുകളെ ഏല്പിക്കുന്നതിന് നടപടി

84 (2362) ശ്രീ. യു. സി. രാമൻ :
ശ്രീ. സി. ടി. അഹമ്മദാലി :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. ടി. പി. എം. സാഹിർ :
ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള വാട്ടർ അതോറിറ്റിയുടെ വാട്ടർമീറ്റർ എവിടെ നിന്നാണ് വാങ്ങുന്നത് ;

(ബി) വാട്ടർമീറ്റർ നിർമ്മാണം കുടുംബശ്രീ യൂണിറ്റുകളെ ഏല്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) വാട്ടർ അതോറിറ്റി ഇപ്പോൾ വാട്ടർമീറ്ററുകൾ വാങ്ങുന്നില്ല.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേക്ക് പ്രൊമോഷൻ വഴിയുള്ള നിയമനം

85 (2363) ശ്രീ. എൻ. ഡി. അപ്പച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള വാട്ടർ അതോറിറ്റിയിൽ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ എത്ര പോസ്റ്റുകളാണുള്ളത് ;

---

† അനുബന്ധം V

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിൽ എത്രയെണ്ണം ഒഴിഞ്ഞുകിടക്കുന്നു ;

(സി) ഒഴിവുള്ള പോസ്റ്റുകളിലേക്ക് നിയമനം നടത്താത്തതെന്തുകൊണ്ടാണ് ;

(ഡി) ഫസ്റ്റ് ഗ്രേഡ് ഓവർസിയർമാർക്കും ഡ്രാഫ്റ്റ്സ്മാൻമാർക്കും അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേക്ക് പ്രൊമോഷൻ നല്കുന്നതിനുള്ള റേഷ്യോ എത്രയെന്നു പറയുമോ ;

(ഇ) അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേക്ക് ആകെ എത്ര ഫസ്റ്റ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻമാരെയും ഓവർസീയർമാരെയുമാണ് പ്രൊമോഷൻ വഴി നിയമിക്കാറുള്ളത് ;

(എഫ്) ഇപ്പോൾ ഇത്തരത്തിൽപ്പെട്ട എത്രപേർ അസിസ്റ്റന്റ് എഞ്ചിനീയർ പോസ്റ്റിൽ നിയമിക്കപ്പെട്ടിട്ടുണ്ട് ?

ഉത്തരം

(എ) 394.

(ബി) ഏകദേശം 50 ഒഴിവുകൾ നിലവിലുണ്ട്.

(സി) ഒഴിവുള്ള പോസ്റ്റുകളിലേക്ക് നിയമനം നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

(ഡി) ആകെയുള്ള തസ്തികകളിൽ 40% (30% ഡിപ്ലോമസിറ്റ് 10% സർട്ടിഫിക്കറ്റ്)

(ഇ&എഫ്) 157. (118 ഡിപ്ലോമ, 39 സർട്ടിഫിക്കറ്റ്) ഫസ്റ്റ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻമാരെയും ഓവർസീയർമാരെയുമാണ് അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേക്ക് പ്രൊമോഷൻ വഴി നിയമിച്ചിട്ടുള്ളത്.

എൻ.എസ്.മുഹമ്മദ് ഇബ്രാഹിമിനെ സർവ്വീസിൽ പ്രവേശിപ്പിക്കുന്നതിന് നടപടി

86 (2364) ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറുടെ 27-2-1985-ലെ എച്ച്.ഒ.2302/85/6 എന്ന പ്രൊസീഡിംഗ്സ് അനുസരിച്ച് കൊച്ചി സെൻട്രൽ സ്റ്റോഴ്സ് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിലെ പ്യൂൺ ആയിരുന്ന എൻ.എസ്. മുഹമ്മദ് ഇബ്രാഹിം മറ്റത്തുപടി, പൊതുപ്പാറ, പാഴശ്ശിരി നെന്മാറ എന്നയാൾക്കനുവദിച്ച ദീർഘകാല ശൂന്യവേതന അവധിക്കുശേഷം 19-12-1997 മുതൽ ടിയാനെ ജോലിയിൽ പ്രവേശിപ്പിക്കണമെന്ന് അപേക്ഷിച്ചുകൊണ്ട് അപേക്ഷ സമർപ്പിച്ചിരുന്നോ ;

(ബി) എങ്കിൽ അയാളെ ജോലിയിൽ പ്രവേശിപ്പിച്ചുവോ ;

(സി) ഇല്ലെങ്കിൽ എന്തുകൊണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly